# മരുന്നുപരസ്യങ്ങൾ മാഫിയ പിടിമുറുക്കുന്നതായി മുന്നറിയിപ്പ്

ഔഷധമേഖലയിൽ വ്യാജപരസ്യങ്ങൾ ചെയ്ത് ലക്ഷങ്ങൾ തട്ടിക്കുന്ന സംഘങ്ങൾ ഇന്ത്യയിൽ പിടിമുറുക്കുന്നു. പരസ്യം കണ്ട് സൗന്ദര്യസംരക്ഷണത്തിന്റെ പേരിൽ മരുന്നു വാങ്ങിക്കഴിച്ച് വൃക്കകൾ തകരാറിലായവരും മരണത്തിനിരയായവരും ഏറെയാണെന്ന് ഡെൽഹി സൊസൈറ്റി ഫോർ പ്രമോഷൻ ഓഫ് റാഷണൽ യൂസ് ഓഫ് ഡ്രഗ്സിലെ വിദഗ്ധർ സാക്ഷ്യപ്പെടുത്തുന്നു.

സ്ലിം ബ്യൂട്ടിയാകാനും മുടി മുളപ്പിക്കുവാനും ടെൻഷൻ ഫ്രീ മരുന്നുകളുടേയും കിടമത്സരം ആരോഗ്യരംഗത്തെ അനാസ്ഥയുടെ പ്രതിഫലനമാണെന്ന് സംഘടനയിലെ ഡോക്ടർമാർ അഭിപ്രായപ്പെടുന്നു. ഉദാരവല്ക്കരണം തുറന്നുവച്ച സാധ്യതകളും ദൃശ്യമാധ്യമങ്ങളേയും ഉപയോഗിച്ചാണ് മരുന്നുകമ്പനികളുടെ പ്രചരണം. ഡോക്ടർമാരുടെ കുറിപ്പില്ലാതെ പലചരക്കുകടകളിൽ പോലും തങ്ങളുടെ ഉല്പന്നങ്ങൾ എത്തിക്കുവാൻ ഇവർക്കായിട്ടുണ്ട്. മരുന്നുകളെ കുറിച്ചും അവ കഴിക്കുമ്പോൾ എടുക്കേണ്ട മുൻകരുതലുകളെ കുറിച്ചും സാമാന്യവിദ്യാഭ്യാസം പോലും ഇല്ലാതെ പരസ്യങ്ങൾക്കു പിന്നാലെ പോകുന്ന ആയിരക്കണക്കിനു ഉപഭോക്താക്കൾ ദിവസവും വഞ്ചിതരാകാറുണ്ടെന്ന് പഠനങ്ങൾ വെളിപ്പെടുത്തുന്നു.

എളുപ്പം സ്ലിംബ്യൂട്ടിയാകാനുള്ള സ്ലിം പിൽസിന്റെ പാർശ്വഫലങ്ങളാണ് ഏറെ പ്രധാനമെന്ന് സൊസൈറ്റി ചീഫ് ഡോ.രഞ്ജിത്ത്റോയ് ചൗധരി വ്യക്തമാക്കുന്നു. അവയിൽ മിക്ക ഉല്പന്നങ്ങളും കിഡ്നി തകരാറുകൾക്ക് വഴിയൊരുക്കി എളുപ്പം മരണത്തിലേക്ക് നയിക്കുന്നു

വെന്നാണ് കണ്ടെത്തിയത്. ഉയർന്ന മാർജിൻ തുക ലഭിക്കുന്ന എ

ന്നതിനാൽ വ്യാപാരികൾക്ക് ഇത്തരം ഉല്പന്നങ്ങൾ വിറ്റഴിക്കുന്നത്

ഏ… ലാഭകരമാണ്. പല കമ്പനികളും രണ്ടു വർഷത്തിൽ കൂടുതൽ

നിലനിൽക്കുന്നില്ല എന്നതാണ് വസ്തുത. ഡ്രഗ്സ് കൺട്രോളർ പോലുള്ള ഔദ്യോഗിക ഏജൻസികളാണെങ്കിൽ ഇത്തരം ഉല്പന്നങ്ങളെ പാടെ അവഗണിക്കുകയാണ് എന്ന ആരോപണവുമുണ്ട്. ഒരു തരത്തിലുള്ള അന്വേഷണവും ഇത്തരം ഉല്പന്നങ്ങളെക്കുറിച്ചോ അവയിലടങ്ങിയ രാസവസ്തുക്കളെക്കുറിച്ചോ ഇല്ല എന്നതും ഖേദകരമായ വസ്തുതയായി നിലനിൽക്കുന്നു.

ഇന്ത്യൻ മാർക്കറ്റുകളിൽ ഇവ പ്രത്യക്ഷപ്പെടാൻ തുടങ്ങിയിട്ട് ഏതാനും വർഷങ്ങളേ ആയിട്ടുള്ളൂ. ഫുഡ് അഡൾറേഷൻ ആക്ട് ഉപയോഗിച്ചോ ഡ്രഗ്സ് എന്റ് കോസ്മറ്റിക് ആക്ട് പ്രകാരമോ ഈ വ്യാജന്മാരെ നിയന്ത്രിച്ചില്ലെങ്കിൽ ഒട്ടേറെ ജീവിതങ്ങൾ കൂടി ഈ തട്ടിപ്പിൽ ഹോമിക്കപ്പെട്ടേക്കാമെന്ന് ഡോക്ടർമാർ ഓർമ്മിപ്പിക്കുന്നു.

## മരുന്ന് കുത്തകകൾക്കെതിരെ അമേരിക്ക

മരുന്നുകമ്പനികളുടെ കുത്തകനിലപാടിന് അമേരിക്കയിൽ തിരിച്ചടി. ബ്രാൻഡ് നാമങ്ങളില്ലാതെ ജനറിക് നാമങ്ങളിലുള്ള മരുന്നുകൾ മനുഷ്യോപയോഗത്തിന് യോജിച്ചതാണെന്ന് അമേരിക്കൻ സർക്കാർ ഏജൻസിയായ എഫ്.ഡി.എ (ഭക്ഷ്യ- ഔഷധ നിയന്ത്രണ ഏജൻസി) പരസ്യത്തിൽ സൂചിപ്പിക്കുന്നു. ആദ്യമായാണ് സർക്കാർ ഭാഗത്തു നിന്നും ഇത്തരമൊരു മുൻകൈ.

മരുന്നിന്റെ ജനറിക് നാമം പൊതുവായ സാങ്കേതിക നാമമാണ്. ഏത് ഉല്പാദകനും ആ പേരുപയോഗിച്ച് മരുന്ന് വിപണിയിലിറക്കാം. ബ്രാൻഡുകൾ കമ്പനികളുടെ കുത്തകയാണ്. വൻകിട കമ്പനികൾ അവരുടെ മരുന്നു പാക്കിംഗുകളിൽ എല്ലായ്പ്പോഴും ബ്രാൻഡു പേരുകളായിരിക്കും കാണിക്കുക. ചെറുകിട ഉത്പാദകരും പൊതുമേഖലാ സ്ഥാപനങ്ങളോ ട്രസ്റ്റുകളോ മാത്രമാണ് ജനറിക് നാമങ്ങളിൽ വിപണനം ചെയ്യാറ്. ലാഭപരിഗണനകളില്ലാത്ത ഇവ ഉപയോഗിക്കാറുണ്ട്. ജനറിക് മരുന്നുകളും ബ്രാൻഡ് മരുന്നുകളും തമ്മിൽ വിലയിലുള്ള വ്യത്യാസം ഇരട്ടി മുതൽ ഇരുപത് മടങ്ങ് വരെ ആകാറുണ്ട്.

മെഡിക്കൽ ഇൻഷ്വറൻസ് കമ്പനികളാണ് അമേരിക്കൻ സർക്കാറിന്റെ ഈ പുതിയ നിലപാടിന് പിന്നിൽ. അടുത്ത കാലത്തായി മരുന്നു കമ്പനികളുടെ ആർത്തി വർദ്ധിക്കുകയും വില കുത്തനെ ഉയരുകയും ചെയ്തത് ഇൻഷ്വറൻസുകാരെ ബുദ്ധിമുട്ടിലാക്കിയിട്ടുണ്ട്.